**ബ്രസീൽ പ്രസിഡന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ടെലിഫോൺ സംഭാഷണം നടത്തി (ആഗസ്റ്റ് 07, 2025)**

ആഗസ്ത് 08, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് (ഓഗസ്റ്റ് 07, 2025) ബ്രസീൽ പ്രസിഡന്റ് ശ്രീ. ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ടെലിഫോണിൽ സംഭാഷണം നടത്തി.

കഴിഞ്ഞ മാസം നടത്തിയ ബ്രസീൽ സന്ദർശനത്തെ കുറിച്ചും വ്യാപാരം, സാങ്കേതികവിദ്യ, ഊർജ്ജം, പ്രതിരോധം, കൃഷി, ആരോഗ്യം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ചട്ടക്കൂടിൽ ഇരുനേതാക്കളും ധാരണയിലെത്തിയതും പ്രധാനമന്ത്രി അനുസ്മരിച്ചു.

ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ, ഇന്ത്യ-ബ്രസീൽ തന്ത്രപരമായ പങ്കാളിത്തത്തെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകാനുള്ള പ്രതിബദ്ധത അവർ ആവർത്തിച്ചു.

പരസ്പരം താൽപ്പര്യമുള്ള വിവിധ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുനേതാക്കളും അഭിപ്രായങ്ങൾ കൈമാറി.

സമ്പർക്കം തുടരാമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂഡൽഹി**

**ആഗസ്ത് 07, 2025**